# വിവേകാനന്ദദർശനം

ഡോ. കെ. ഭാസ്കരൻനായർ

ദർശനം എന്ന വാക്ക് 'ഫിലോസഫി' അഥവാ തത്ത്വജ്ഞാനം എന്ന അർത്ഥത്തിലാണ് പണ്ഡിതന്മാർ നമ്മുടെ ഭാഷയിൽ ഉപയോഗിച്ചുവരുന്നത്. ഈ വിഷയം ഇന്ന് നിഷ്കൃഷ്ടവും പരിച്ഛിന്നവുമായ വിവക്ഷകളുള്ള ഒരു വിജ്ഞാനശാഖയായിത്തീർന്നിരിക്കുകയാണ്. അതിന്റെ ധർമ്മവും ലക്ഷ്യവും അടിക്കടി മാറുന്നുമുണ്ട്. ഈ നൂററാണ്ടിന്റെ ആരംഭദശകംവരെ അതു് എല്ലാ വിജ്ഞാനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സമഗ്രവീക്ഷണത്തിനാണ് യത്നിച്ചിരുന്നത്. യുക്തിയുക്തവും സുഘടിതവും സർവ്വാശ്ലേഷിയുമായ ഒരു ചിന്താശില്പം നിർമ്മിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. കൻറ്, ഹേഗൽ, ബ്രാഡ്ലി, ബർഗ്സൺ തുടങ്ങിയ പാശ്ചാത്യചിന്തകന്മാരെ അനുകരിച്ച് നൂതനങ്ങളായ ആശയസൗധങ്ങൾ കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങളാണ് അക്കാലങ്ങളിൽ നടന്നത്. അദ്ധ്യാത്മമൂല്യങ്ങൾ, സന്മാർഗ്ഗബോധങ്ങൾ, സാമൂഹികാദർശങ്ങൾ, ശാസ്ത്രീയനിരീക്ഷണങ്ങൾ എന്നിവയെല്ലാം അതിൽ സ്ഥലം പിടിച്ചിരുന്നു. ഈ യത്നം ഇന്ന് ഏറെക്കുറെ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. തത്ത്വചിന്തയിൽ ഇമ്മാതിരി വിഷയങ്ങൾക്ക് എന്തെങ്കിലും പ്രസക്തിയുണ്ടോ എന്നുപോലും സംശയം ജനിച്ചിരിക്കുന്നു. അവയെ ഒഴിവാക്കുവാൻ ശ്രമിച്ചുകൊണ്ട്, യുക്തിയെ ശുദ്ധീകരിച്ച്, സത്യാന്വേഷണത്തിനുള്ള ഉപകരണമെന്ന നിലയിൽ കൂടുതൽ സമർത്ഥവും ശക്തിമത്തും ആക്കിത്തീർത്ത്, ബുദ്ധിവ്യാപാരമാർഗ്ഗേണ ഈ പ്രപഞ്ചത്തെ മനസ്സിലാക്കുവാനാണ് ഇന്നത്തെ ദാർശനികന്മാർ ഉദ്യമിക്കുന്നത്.

ഈ രണ്ടു് അർത്ഥങ്ങളിലും വിവേകാനന്ദസ്വാമി ഒരു ദാർശനികനല്ല. അദ്ദേഹംതന്നെ, താനൊരു മതപ്രബോധകനെന്നല്ലാതെ തത്ത്വചിന്തകനാണെന്ന് അവകാശപ്പെട്ടിട്ടില്ല. തന്റെ യുക്തിചിന്തനംകൊണ്ടു് നൂതനമായ ഒരു പ്രപഞ്ചചിത്രം വിരചിച്ച് അദ്ദേഹം പണ്ഡിതലോകത്തിനു നല്കിയില്ല. യുക്തിയെ രാകിക്കൂർപ്പിച്ച് അതുകൊണ്ടു് മനുഷ്യന്റെ പൂർവ്വവിജ്ഞാനങ്ങളെ വിശകലനം ചെയ്ത് പുതിയ സിദ്ധാന്തങ്ങൾ കണ്ടുപിടിക്കുവാനും ശ്രമിച്ചില്ല. മതപരമായ അനുഭൂതികളുടെ മണ്ഡലത്തിൽ ഭാരതഭൂമിയിലുണ്ടായ പുരാതനവും സനാതനവുമായ ഉൾക്കാഴ്ചകളെ ബാഹ്യലോകത്തിന്റെയും തന്റെ നാട്ടുകാരുടെയും മിഴിവേറിയ ശ്രദ്ധയിൽ അവതരിപ്പിക്കുവാൻവേണ്ടിയാണ് അദ്ദേഹം തന്റെ ജീവിതം ചിലവഴിച്ചതു്.

ഇതു് ലോകത്തിന്റെയും നമ്മുടെയും മഹാഭാഗ്യമെന്നുതന്നെ പറയണം. ചരിത്രത്തിലെ ഭാഗ്യദോഷങ്ങൾക്കു വിധേയമായി അധോഗതിയിൽ ആണ്ടുപോയ ഈ രാജ്യത്തിന്റെ അന്തരംഗസംസ്കാരത്തെ ഉജ്ജീവിപ്പിച്ച്, അതിന്റെ പിൻതുടർച്ചക്കാരായ ഭാരതീയരെ അതിൽ ആവേശംകൊള്ളിച്ച് ഈ ഉപഭൂഖണ്ഡത്തിൽ വമ്പിച്ച നവോത്ഥാനം കൈയ്വരുത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. ഗ്രന്ഥോപജീവികളായ ശുദ്ധദാർശനികന്മാർക്ക് ഒരിക്കലും കഴിയാത്ത മഹാകാര്യമാണിതു്. സത്യത്തിൽ മതവും തത്ത്വചിന്തയും ഒന്നല്ലെന്നു മാത്രമല്ല, വിരുദ്ധപ്രകൃതികളുമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഒന്ന് വിശ്വാസത്തിലും മററതു് സംശയാലുത്വത്തിലും നിന്നാണ് ജനിക്കുന്നതു്. ഇവയിൽ വിശ്വാസത്തിന്റെ പക്ഷത്താണ് വിവേകാനന്ദൻ. അദ്ധ്യാത്മവിദ്യയുടെ അങ്ങേയററത്തെ സാക്ഷാത്കാരങ്ങൾ അനുഭവിച്ചറിഞ്ഞു്, നിരന്തരമായ ലോകസേവനംചെയ്ത്, മനുഷ്യരാശിയുടെ ആത്മാർത്ഥമായ ആരാധനയ്ക്കു പാത്രമായി, ഭാരതീയസംസ്കാരത്തിന്റെ മാർഗ്ഗദീപങ്ങളായി ശോഭിക്കുന്ന മഹാപുരുഷന്മാരുടെ പാരമ്പര്യത്തിലാണ് അദ്ദേഹം നില്ക്കുന്നതു്. അവർ ദാർശനികന്മാരല്ല; മഹാത്മാക്കളാണ്. അപൗരു

Digitized by Kerala Sahitya Akademi

ഷേയമായ അദ്ധ്യാത്മജ്ഞാനത്തിന്റെ സാത്ഥവാഹന്മാരെന്ന പദവി മാത്രമേ അവർ അവകാശപ്പെട്ടിട്ടുള്ളു. സ്വാമിജിയുടെ പ്രമുഖശിഷ്യയായ നിവേദിതാദേവി അദ്ദേഹത്തെപ്പററി എഴുതിയതു നോക്കുക: 'ഗീതാകത്താവായ സാക്ഷാൽ കൃഷ്ണന്റെയും ശ്രീബുദ്ധന്റെയും ശ്രീശങ്കരന്റെയും, ഭാരതീയചിന്തയ്ക്കു സുപരിചിതരായ മററു മഹാചായ്യന്മാരുടെയും എന്നപോലെ, അദ്ദേഹത്തിന്റെയും വാക്കുകൾ വേദോപനിഷത്തുകളിലെ ഉൾക്കാഴ്ചകൾ നിറഞ്ഞവയാണ്. അദ്ദേഹം ഉദ്ബോധിപ്പിച്ച തത്ത്വങ്ങൾ, ആ അദ്ഭുതജന്മം ഉണ്ടായില്ലെങ്കിലും നിത്യസത്യങ്ങളായി നിലനില്ക്കുമായിരുന്നു. അവയുടെ അധികൃതഭാവത്തിന് അണുപോലും കുറവും വരികയില്ലായിരുന്നു. ഭാരതഭൂമിയുടെ അനഘമായ ഈ പൂവ്സമ്പത്തിനെ സമസ്തസൃഷ്ടിക്കു് ഉദാരമായി വിതരണം ചെയ്ത മഹാനുഭാവനായും അനുഭവബോധത്തോടെ വീണ്ടും വ്യാഖ്യാനിച്ചു കൊടുത്ത ഭാഷ്യകാരനായും മാത്രമാണ് അദ്ദേഹം നിലകൊള്ളുന്നതു്.'

എന്നാലും ഭാഷ്യകാരന്മാരെന്നുമാത്രം സ്വയം കരുതിയ പൂവ്വികരായ മഹാത്മാക്കളുടെ വാക്കുകൾക്കെന്നപോലെതന്നെ അദ്ദേഹത്തിന്റെയും വാക്കുകൾക്കു് നൂതനമായ ധ്വനിവിശേഷമുണ്ടായിരുന്നു എന്നു് ആരും സമ്മതിക്കും. തന്റെ ചുററുപാടും കണ്ട സ്ഥിതിഗതികൾക്കു് ആവശ്യമായ രീതിയിൽ തന്റെ സമകാലീനക്കു മനസ്സിലാകുന്ന ഭാഷയിൽ അവക്കു് ബഹുമാനവും വിശ്വാസവും ഭക്തിയും ഉളവാക്കുന്ന രൂപഭാവങ്ങളിലാണ് അദ്ദേഹം ചിരപുരാതനമായ ഈ ആദ്ധ്യാത്മികസന്ദേശം പ്രചരിപ്പിച്ചതു്. പാശ്ചാത്യസാമ്രാജ്യശക്തികൾ അന്യജനങ്ങളെയും അവരുടെ സംസ്കാരങ്ങളെയും ധ്വംസിച്ചു് മേന്മ നേടുവാൻ ശ്രമിച്ചിരുന്ന ആ കാലഘട്ടത്തിൽ, ഹിന്ദുമതത്തിന്റെ നേക്കും സംഘടിതമായ ആക്രമണങ്ങൾ നടക്കുന്നുണ്ടായിരുന്നു. ഇവയെ നേക്കുനേരെ എതിക്കുന്നതിനും ആശയപരമായിത്തന്നെ നേരിടുന്നതിനും സ്വാമികൾ സന്നദ്ധനായി. എന്നല്ല, ഈ ആശയസമരം എതിരാളികളുടെ പാളയത്തിലേയ്ക്കുതന്നെ അദ്ദേഹം കൊണ്ടുചെല്ലുകയും ചെയ്തു. ഹിന്ദുക്കൾ വിഗ്രഹാരാധനക്കാരാണെന്നും, കല്ലിനെ ദൈവമായി പൂജിക്കുന്ന പ്രാകൃതന്മാരാണെന്നുമുള്ള പാശ്ചാത്യമിഷനറിമാരുടെ ആക്ഷേപത്തെ ഷിക്കാഗോയിലെ മതമഹാസമ്മേളനത്തിൽ, 1893 സെപ്ററംബർ 19-ാം തീയതി അവതരിപ്പിച്ച പ്രൗഢഗംഭീരമായ പ്രബന്ധത്തിൽ അദ്ദേഹം യുക്തിയുക്തം ഖണ്ഡിച്ചു. അടുത്ത ദിവസം ചെയ്ത പ്രസംഗത്തിൽ, 'ഇന്ത്യയിലെ ജനങ്ങൾക്കു് മതമല്ല ആവശ്യം, അതവക്കു് വേണ്ടുവോളമുണ്ടു്; അവക്കു് ആഹാരമാണു് ഇന്നു വേണ്ടതു്. അതു നല്കി നിങ്ങളുടെ മഹിമയും മഹാമനസ്കതയും തെളിയിക്കുക,' എന്നു തുറന്നു പറഞ്ഞു് അവരുടെ മതപരിവത്തനപരിപാടിയെ അപഹസിക്കുകയും ചെയ്തു.

ക്രിസ്തുമതപ്രചാരകന്മാരെ മാത്രമല്ല, ബുദ്ധമതചിന്തകന്മാരെയും ആ പ്രസംഗത്തിൽ അദ്ദേഹം രൂക്ഷമായി വിമശിച്ചു. കാരുണ്യവാരിധിയായ ശാക്യമുനിയെ ഹിന്ദുമതത്തിന്റെ ശത്രുവായിട്ടല്ല, ശ്രേഷ്ഠമായ തത്ത്വജ്ഞാനത്തിന്റെയും അത്ഥമറിയാത്ത ആചാരങ്ങളുടെയും ഊഷരഭൂമിയിലേയ്ക്കു് അപനയിക്കപ്പെട്ടു് സാമാന്യജനങ്ങളിൽനിന്നു് അകന്നുപോയ ഹിന്ദുമതത്തെ, ഭുവനജീവിതത്തിന്റെ യാഥാത്ഥ്യങ്ങളിലേയ്ക്കു തിരിച്ചുകൊണ്ടുവന്ന ആപദ്ബന്ധുവായിട്ടാണു് അദ്ദേഹം വിശേഷിപ്പിച്ചതു്. പക്ഷേ പില്ക്കാലത്തു് ബുദ്ധഭഗവാന്റെ അനുയായികൾക്കും ഈ ധമ്മച്യുതിതന്നെ സംഭവിച്ചു. അവരും ജനങ്ങളിൽനിന്നകന്നു് തത്ത്വമീമാംസകളിൽ തത്പരരായി കാടുകയറുകയും ശ്രേഷ്ഠമായ ആ ആദ്ധ്യാത്മികപ്രസ്ഥാനത്തെ വെറും നിരീശ്വരവാദമായി അധഃപതിപ്പിക്കുകയും ചെയ്തു. എന്നാലും, 'തത്ത്വജ്ഞാനങ്ങളുടെയും ആദ്ധ്യാത്മികവിചിന്തനങ്ങളുടെയും സ്ഥിതി എന്തായാലും, ലോകത്തിൽ മരണം എന്ന അനുഭവം ഉള്ള കാലത്തോളം, മനുഷ്യഹൃദയങ്ങൾ വ്യാകുലഭാവങ്ങൾക്കു വിധേയമാകുന്ന കാലത്തോളം, വ്യാകുലഹൃദയങ്ങളിൽനിന്നു് തപ്തരോദനങ്ങൾ ഉയരുന്ന കാലത്തോളം, ഈശ്വരവിശ്വാസം നിലനില്ക്കുകതന്നെ ചെയ്യും,' എന്നു് സ്വാമിജി ഉറപ്പിച്ചുപറഞ്ഞു.

പാഠപുസ്തകങ്ങൾ എഴുതുന്ന പണ്ഡിതന്മാർ വിവേകാനന്ദസ്വാമിയെ നൂതനവിജ്ഞാനം സംഭാവന ചെയ്ത ഒരു തത്ത്വചിന്തകനായി കരുതുകയില്ലെങ്കിലും ഇന്ത്യയുടെ ദീഘമായ

Digitized by Kerala Sahitya Akademi

ചരിത്രത്തിൽ, ഈ പുരാതനരാജ്യത്ത് ഇന്നു ജീവിക്കുന്ന 65 കോടി ജനങ്ങളുടെ അനുഭൂതിയിൽ, സാങ്കേതികമല്ലാത്ത അർത്ഥത്തിൽ, വിവേകാനന്ദദർശനം വിശേഷോത്തരമായ ഒരു അദ്ഭുതവസ്തുതയാണ്. അസ്തിത്വത്തിന്റെ അടിസ്ഥാനസത്തയെക്കുറിച്ച് നിസ്തുലപ്രതിഭനായ ആ മഹാപുരുഷൻ നേടിയ ഉൾക്കാഴ്ചയും, അതിന്റെ ദിവ്യദീപ്തിയിൽ അദ്ദേഹം നല്കിയ മാർഗ്ഗദർശനവും ഈ ലോകത്തിന് ആധുനികകാലത്തു ലഭിച്ച ഏററവും വലിയ അനുഗ്രഹമാകുന്നു. ഓരോ വ്യക്തിയും അനശ്വരമായ ആത്മാവാണെന്നും, അത് സച്ചിദാനന്ദസ്വരൂപമായ ദിവ്യചൈതന്യമാണെന്നും, ഭിന്നവും അപൂർണ്ണവുമായ ഘടകങ്ങൾ ചേർന്ന് ഉണ്ടായതായിത്തോന്നുന്ന ഈ പ്രപഞ്ചം യഥാർത്ഥത്തിൽ ഏകവും അഖണ്ഡവും നാശമില്ലാത്തതുമായ ഉണ്മയുടെ ബഹിഃസ്ഫുരണമാണെന്നും, ആ അദ്ഭുതസത്തയുടെ അനുഭൂതിയിലുള്ള സാക്ഷാത്കാരമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യമെന്നും, പണ്ഡിതനെന്നോ പാമരനെന്നോ, പാശ്ചാത്യനെന്നോ പൗരസ്ത്യനെന്നോ ഭേദമില്ലാതെ എല്ലാവരെയും ബോദ്ധ്യപ്പെടുത്തുന്ന മഹായത്നത്തിൽ അദ്ദേഹം വിസ്മയകരമായ വിജയം നേടി. 39 വർഷംമാത്രം നീണ്ടുനിന്ന ആയുസ്സിൽ അവസാനത്തെ പത്തു വർഷങ്ങൾ മാത്രമാണ് അദ്ദേഹം തന്റെ ലോകസംഗ്രഹയത്നങ്ങൾക്കുവേണ്ടി ചെലവഴിച്ചത് എന്ന വസ്തുത ഓർമ്മിക്കുമ്പോൾ ആരാണ് അദ്ഭുതപരതന്ത്രരാകാത്തത്? അവതാരപുരുഷനായ ശ്രീരാമകൃഷ്ണദേവന്റെ അനുഗ്രഹാശിസ്സുകളിൽ നിന്നു ലബ്ധമായ പ്രചോദനമാണ് അദ്ദേഹത്തെ ഈ മഹോദ്യമത്തിന് ശക്തനാക്കിയത്. അടിമത്തത്തിലാണ്ട്, അധഃപതിച്ച്, ആത്മവിശ്വാസം നശിച്ച ഭാരതീയരെ സ്വാതന്ത്ര്യത്തിലേയ്ക്ക്—സാക്ഷാൽ മോക്ഷത്തിലേയ്ക്ക്— ഉയരുവാൻ ഉദ്ബോധിപ്പിച്ച ആദ്യത്തെ ശബ്ദം അദ്ദേഹത്തിന്റേതായിരുന്നു. ആദ്ധ്യാത്മികമായ ഉദ്ധാരണത്തിന്റെ സർവോത്തരമായ പ്രാധാന്യമാണ് വിവേകാനന്ദദർശനത്തിന്റെ കേന്ദ്രതത്ത്വം.

അദ്ദേഹം അദ്വൈതവേദാന്തിയോ, ശാങ്കരമതാനുയായിയോ, ജ്ഞാനയോഗിയോ, കർമ്മയോഗിയോ, ഏതാണെന്നുള്ള അന്വേഷണം നിരർത്ഥമാണ്. ഭൗതികവാദികളും മതവൈരികളും പെരുകിവരുന്ന ഇന്നത്തെ ഇന്ത്യയിൽ, ജീവിതത്തിനു മുഴുവനുംതന്നെ ഭയാനകമായ ഒരു ദുഃസ്വപ്നത്തിന്റെ സ്വഭാവം കൈയ്‌വന്നിരിക്കുന്ന ഈ രാഷ്ട്രീയയുഗത്തിൽ, ഇപ്പറഞ്ഞ സങ്കല്പങ്ങളുടെ വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിവുള്ളവർപോലും അതിശീഘ്രം ഇല്ലാതാവുകയാണ്. അതോടൊപ്പം സെക്കുലറിസം എന്നൊരു തത്ത്വത്തെ, ഒരു പുതിയ മതമെന്നപോലെ, ഈ രാജ്യത്തു പ്രചരിപ്പിക്കുവാനുള്ള പരിശ്രമവും നടക്കുന്നു. ഇതിന്റെ അർത്ഥമെന്തെന്ന് അതു നിരന്തരം ഉരുവിട്ടുകൊണ്ടു നടക്കുന്ന രാഷ്ട്രീയപ്രവർത്തകന്മാർക്കുപോലും നിശ്ചയമില്ല. മാതൃഭാഷയല്ലാതെ മറെറാന്നും അറിഞ്ഞുകൂടാത്ത ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കാണെങ്കിൽ, ഈ വിദേശപദം, സോഷ്യലിസം ഡെമോക്രസി എന്നിവയ്ക്കൊപ്പം, പട്ടിയുടെ മുമ്പിലിട്ട പൊതിയാത്തേങ്ങപോലെ ആയിത്തീർന്നിട്ടുണ്ട്. എന്നല്ല, ഇതു് തങ്ങളെ വഞ്ചിക്കുവാനും വഴിതെററിക്കുവാനുമുള്ള ഉപായമാണെന്ന് അനുഭവത്തിൽനിന്നു മനസ്സിലാക്കി അതേപ്പററി അങ്ങേയററത്തെ പുച്ഛവും പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അതു്, ഹിന്ദുക്കൾക്കു ഭൂരിപക്ഷമുള്ള ഇന്ത്യയിൽ, അവരുടെ മതത്തെ ധ്വംസിച്ച്, ആചാരങ്ങളെ അവഹേളിച്ച്, അഭിമാനത്തെ ക്ഷതപ്പെടുത്തി, അവരെ മററു മതാനുയായികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയരാക്കി, ഏറക്കുറെ രണ്ടാംതരം പൗരന്മാരായി ജീവിക്കുവാൻ നിർബന്ധിക്കുന്ന ഗൂഢതന്ത്രമാണെന്ന വിശ്വാസവും രാജ്യമാകെ പരക്കുന്നുണ്ട്. താൻ ഒരു ഹിന്ദുവാണെന്നു പറയുന്നതുപോലും അപമാനമോ അപരാധമോ ആയി കരുതുന്ന പൊതുജനനേതാക്കന്മാരുണ്ട്. അവർ അത്യാവശ്യത്തിന് ക്ഷേത്രത്തിൽ പോകുന്നതുപോലും ഒളിച്ചും മറഞ്ഞുമാണ്. മറെറാരു രാജ്യത്തുമില്ലാത്ത ഈ വിചിത്രസങ്കല്പം ഭാരതീയരുടെമേൽ അടിച്ചേല്പിക്കുന്നതു് ആർക്കു വേണ്ടിയാണെന്ന് സാധാരണക്കാരും ചോദിച്ചുതുടങ്ങിയിരിക്കുന്നു. അന്യസംസ്കാരങ്ങളുടെ തത്ത്വജ്ഞാനവും ജീവിതവീക്ഷണവും സാമൂഹികാദർശങ്ങളും കുട്ടിക്കാലംമുതല്ക്ക് ആഗിരണം ചെയ്ത്, ആദ്ധ്യാത്മികമായ അടിയുറപ്പില്ലാതെ വളർന്ന്, ആധുനികവത്കരണത്തിനുവേണ്ടി വെമ്പൽകൊണ്ട് പരക്കം പായുന്ന ഗ്രന്ഥോപജീവികളുടെയും രാഷ്ട്രീയക്കാരുടെയും വാദഗതി

Digitized by Kerala Sahitya Akademi

കളിൽ ഗുരുതരമായ അവിശ്വാസവും ജനിച്ചിരിക്കുന്നു. ഈ ചുററുപാടുകളിലാണ് വിവേകാനന്ദദർശനത്തിന്റെ പ്രസക്തി നമുക്കു ബോദ്ധ്യമാകുന്നത്. വെറും പുസ്തകജ്ഞാനത്തെയും, രാഷ്ട്രീയവും സാമൂഹികവുമായ തൽക്കാലപരിഗണനകളെയും വിട്ട് ആ മഹാപുരുഷന്റെ ഉദ്ബോധനങ്ങളുടെ ഉറവിടമായ ഉൾക്കാഴ്ചകളെയും ഉത്കൃഷ്ടാനുഭൂതികളെയും ഭാരതീയരായ നാം ദൈനംദിനജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായി സ്വീകരിക്കേണ്ട സമയം സമാഗതമായിരിക്കുന്നു. അദ്ദേഹം നല്കിയ അത്യദ്ഭുതകരമായ ഉത്തേജനത്തിന്റെ സത്ഫലങ്ങൾ ലഭിക്കുന്നതിനുവേണ്ടി നമ്മുടെ ജനങ്ങൾ അന്നുമുതല്ക്ക് *'നോററുകിടക്കു'കയാണ്. പക്ഷേ അവരെ 'മതേതര'ന്മാരാക്കി, അവരുടെ ഹൃദയത്തിന്റെ ശ്രീകോവിലിൽ അദ്ദേഹം കൊളുത്തിയ ദിവ്യദീപത്തെ ഊതിക്കെടുത്താമെന്ന് നമ്മുടെ ഇന്നത്തെ നേതാക്കന്മാർ വ്യാമോഹിക്കുന്നു. ക്രൈസ്തവരാഷ്ട്രങ്ങളും ഇസ്ലാമികരാഷ്ട്രങ്ങളും ഉണ്ടാവുകയും അവ ലോകത്തിന്റെ അംഗീകാരവും ബഹുമാനവും ആർജ്ജിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ഒരു ഹിന്ദുരാഷ്ട്രം ഉണ്ടായിക്കൂടാ എന്നു പറയുന്നത് വിചിത്രമായി തോന്നുമെങ്കിലും, ഭരണകൂടവും നീതിപീഠങ്ങളും ഒരു മതത്തോടും പക്ഷപാതവും ദ്വേഷവും കാണിക്കുന്നില്ല എന്നു ബോദ്ധ്യം വരുത്തുന്നതിനുള്ള മുൻകരുതലെന്ന നിലയിൽ അതു മനസ്സിലാക്കുവാൻ സാധിച്ചേയ്ക്കും. എന്നാൽ ഹിന്ദുക്കൾ സംഘടിക്കരുത്, അവരുടെ മതത്തെപ്പററി അഭിമാനിക്കരുത്, അതിനെ ബലപ്പെടുത്തരുത്, പ്രചരിപ്പിക്കരുത് എന്നു വാദിക്കുന്നതിന്റെ പൊരുൾ ദുരൂഹമായിരിക്കുന്നു. അടുത്തും അകലെയുമുള്ള അനേകം രാജ്യങ്ങളിൽ മേല്പറഞ്ഞതുപോലെയുള്ള വ്യാമോഹങ്ങൾ വെച്ചു പുലർത്തുകയും, പുത്തൻപരിഷ്കാരത്തിന്റെ പേരിൽ ജനസഞ്ചയത്തിന്റെ ആദ്ധ്യാത്മികമായ വികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്ത ഭരണാധികാരികൾക്കുണ്ടായ അത്യാഹിതങ്ങളും തിക്താനുഭവങ്ങളും കാണുവാൻ ഇന്ത്യയിലെ നേതാക്കന്മാർക്ക് കണ്ണില്ലാതെ പോകുന്നത് ആശ്ചര്യംതന്നെ. ഈ രാജ്യത്തെ ജനങ്ങൾ പാവങ്ങളാണെന്നും അവർ ഏതു് അനീതിയും അധർമ്മവും എക്കാലവും സഹിച്ചു കൊള്ളുമെന്നും കരുതുന്നത് ശരിയല്ല. ഈ പാവങ്ങളാണ് സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തിന്റെ ഉടമയായ വിദേശശക്തിയെ ഇവിടെ നിന്നു കെട്ടുകെട്ടിച്ചത്. അവരുതന്നെയാണ് സമീപകാലത്ത് ഇന്ത്യയെ ഗ്രസിച്ച സ്വേച്ഛാഭരണത്തെയും ഒരൊററ ദിവസംകൊണ്ട് അവസാനിപ്പിച്ചത്. ഈ ചിന്തകളും വിവേകാനന്ദദർശനത്തെപ്പററി പറയുമ്പോൾ പ്രസക്തമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെപ്പോലെ ഈ പുണ്യഭൂമിയുടെ നാഡിമിടിപ്പുകൾ അറിഞ്ഞവർ ആരുമില്ല.

* നോററുകിടക്കും ഫൽഗുനനൊരുനാ-
ളേററുവരുമ്പോൾ ഭൂമി കലങ്ങും ! (കുഞ്ചൻനമ്പ്യാർ)

# ശബരിഗിരീശസ്തോത്രം

## ടി. ശങ്കരൻനമ്പിടി

പ്രസന്നവദനാംഭോജം
ശാസ്താരം ശിവനന്ദനം
ദുഃഖൗഷധമഹം സേവേ
ശബര്യാഖ്യഗിരിസ്ഥിതം. 1

ഇന്ദ്രാദ്യാസ്സകലാ ദേവാ
നമന്തി ത്വാം ജഗത്പതേ,
ഭർത്തും സ്വസ്വാധികാരാംസ്തു
ശത്രൂണാം നിഗ്രഹായ ച. 2

സ്വാമിൻ ശരണമയ്യപ്പ,
ക്ഷേമം മേ കുരു സർവ്വദാ
ത്വദ്ഭക്തദാസദാസോഽഹം
ത്വദ്ഭക്തിം പ്രാർത്ഥയേ വിഭോ! 3

വിസ്മൃതം തവ പാദാബ്ജം
സ്വാമിൻ മൂഢധിയാ മയാ
അപരാധിനമേനം ത്വം
കൃപയാ പരിപാലയ. 4

ജ്യോതിർമ്മയായ മധുസൂദനലാളിതായ
മാരാന്തകപ്രണയിനീപരിപോഷിതായ
കാലാത്മനേ സകലലോകഹൃദിസ്ഥിതായ
ശാസ്ത്രേ നമോ ഭഗവതേ മുനിസേവിതായ. 5

Digitized by Kerala Sahitya Akademi